# കേരള നിയമസഭാ നടപടികൾ

## പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 18, വെള്ളി

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 2003 ജൂലായ് മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ 602.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ

*1 [602] ശ്രീ. എ. പി. അനിൽകുമാർ :
,, ഡൊമിനിക് പ്രസന്റേഷൻ:
,, ഡി. സുഗതൻ :
,, കെ. അച്യുതൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് രജിസ്റ്റർ ചെയ്തവർക്കും അവരുടെ ആശ്രിതർക്കും ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തീരുമാനമെടുത്തത് എന്നെല്ലാമാണ്;

(സി) രൂപയുടെ മൂല്യശോഷണം കണക്കിലെടുത്ത് ഈ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ,

(എ) ബോർഡിലെ അംഗതൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

(1) പെൻഷൻ
(2) കുടുംബ പെൻഷൻ
(3) അവശതാ പെൻഷൻ
(4) മരണാനന്തര ധനസഹായം
(5) അപകടമരണ ധനസഹായം
(6) മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം
(7) വിവാഹ ധനസഹായം
(8) ചികിത്സാ ധനസഹായം
(9) അപകടചികിത്സാ ധനസഹായം
(10) മാരകരോഗ ചികിത്സാ ധനസഹായം
(11) പ്രസവ ധനസഹായം
(12) സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ
(13) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള ധനസഹായം
(14) ഭവന നിർമ്മാണ വായ്പ
(15) ഉപകരണ വായ്പ.

(ബി) 1990-ൽ രൂപീകൃതമായിട്ടുള്ള കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ 1998-ലെ കേന്ദ്ര ആക്ടിൻ പ്രകാരം രൂപീകൃതമായ Kerala Building and Other Construction Workers' Welfare Board നിലവിൽ വന്നതിന് ശേഷവും പിന്നീടും കാലോചിതമായി പരിഷ്കരിച്ച് നൽകി വരുന്നു.

(സി) ബോർഡിൽനിന്നും നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും 28-11-2000 മുതൽ വർദ്ധനവുവരുത്തി പരിഷ്കരിച്ച് നൽകിവരുന്നുണ്ട്.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, കേരളത്തിലെ അസംഘടിതരായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് വളരെ ആശ്വാസകരവും ആശ്രയകരവുമാണ്. ഈ ബോർഡിൽനിന്നും ലഭിക്കേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കഴിഞ്ഞ 2002 ജനുവരിക്കുശേഷം പല ജില്ലകളിലും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതിന് കാരണം പറയുന്നത് പ്രധാനമായും ജീവനക്കാരുടെ അഭാവമാണ്. പല ഓഫീസുകളിലും ഡെപ്യൂട്ടേഷനിലാണ് ആളുകളുള്ളത്. എന്റെ ചോദ്യം എത്രയും പെട്ടെന്ന് ഇത്തരം സ്ഥാപനങ്ങളിൽ പരമാവധി ജീവനക്കാരെ വച്ചുകൊണ്ട് പെൻഷനുൾപ്പെടെ കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ, കഴിഞ്ഞ ഒന്നര വർഷമായി ലഭിക്കാത്തത്, പാവപ്പെട്ട തൊഴിലാളികൾക്ക് ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ എന്നതാണ്.

<u>ശ്രീ. ബാബു ദിവാകരൻ:</u> ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തീർത്തും ശരിയല്ല. കഴിഞ്ഞ ഓണംവരെയുണ്ടായിരുന്ന എല്ലാ അപേക്ഷകളിലും അനുകൂലമായ തീരുമാനമെടുക്കേണ്ടവയിൽ അനുകൂലമായ തീരുമാനമെടുത്തു. അതിനുശേഷം, ഓണം കഴിഞ്ഞിട്ട് ഇപ്പോൾ ഒരു വർഷമാകുന്നതേയുള്ളൂ, കഴിഞ്ഞ വർഷങ്ങളിൽനിന്നുമെല്ലാം വ്യത്യസ്തമായി ഈ വർഷം 21 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിൽനിന്നും വിതരണം ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഏതെങ്കിലും ജില്ല കളിൽ അങ്ങനെ കെട്ടികിടക്കുന്ന അപേക്ഷകളുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ സത്വരമായ നടപടി സ്വീകരിക്കാം. ആനുകൂല്യങ്ങൾ നൽകുന്നതിന് ഒരു ബുദ്ധിമുട്ടു മില്ലാത്ത ഒരു ബോർഡാണിത്. അപേക്ഷകൾ പരിഗണിച്ച് അത് പ്രോസസ്സ് ചെയ്തു കൊടുക്കുന്നത് ബോർഡാണ്. ആവശ്യമായ സാമ്പത്തിക നിലയൊക്കെ ഈ ബോർഡി നുണ്ട്. പിന്നെ സ്റ്റാഫിന്റെ കുറവുണ്ടെന്ന് പറഞ്ഞത് ശരിയാണ്. ഈ ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫില്ലെന്നുള്ളത് ശരിയാണ്. ഗവൺമെന്റിന്റെ ചില ലിമിറ്റേഷൻസ് കൊണ്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ കൊണ്ടും ചില ഓഫീസുകളിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിന് കാലതാമസ മുണ്ടായിട്ടുള്ളതൊഴിച്ചാൽ ഈ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായിത്തന്നെ നടക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: സർ, എന്റെ ജില്ലയായ മലപ്പുറം ജില്ലയിൽ ഒന്നരവർഷമായി ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ലെന്നുള്ള ഒരാക്ഷേപമുണ്ട്. അതൊന്ന് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് മറ്റു പല ബോർഡുകളിൽനിന്നും ലോൺ എടുക്കു ന്നതുപോലെ 40 കോടി രൂപ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും കഴിഞ്ഞ ഗവൺമെന്റ് ലോൺ എടുത്തതായി അറിയാൻ കഴിഞ്ഞു. അത് ഈ ഗവൺമെന്റ് അടച്ചുതീർത്തോ, അഥവാ തീർത്തിട്ടുണ്ടെങ്കിൽതന്നെ വളരെനല്ല രീതിയിലാണ് ക്ഷേമനിധി ബോർഡ് പോകുന്നതെന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് 200 രൂപ മുതൽ 400 രൂപ വരെയാണ് പെൻഷനുള്ളത്. ബോർഡിലെ ഫണ്ടിൽ പണ മുണ്ടെങ്കിൽ കുറച്ചുകൂടി, ആനുകൂല്യങ്ങൾ—പെൻഷനുൾപ്പെടെയുള്ള ഒട്ടനവധി, വിവിധ തരത്തിലുള്ള സഹായങ്ങൾ ഈ ക്ഷേമനിധി ബോർഡിലുണ്ട്—ആ ആനുകൂല്യങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് ചൂണ്ടിക്കാണിച്ച മലപ്പുറം ജില്ലയിലെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്, എന്തെങ്കിലും. കാലതാമസമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്. 40 കോടി രൂപ ഈ ബോർഡിൽനിന്നും കഴിഞ്ഞ സർക്കാർ കടമെടുത്തിരുന്നു. നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഇതുവരെ അത് നൽകാൻ കഴിഞ്ഞില്ല. പക്ഷെ കഴിഞ്ഞ രണ്ടു ദിവസത്തിനുമുമ്പ് ഈ ഗവൺമെന്റ് 40 കോടി രൂപയുടെ ചെക്ക് ബോർഡിന് നൽകിയിട്ടുണ്ട്. അത് ബോർഡിന്റെ അക്കൗണ്ടിലേക്ക് മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ഇതിപ്പോൾ കേന്ദ്രനിയമമാണ്, ആ കേന്ദ്ര നിയമത്തിന്റെ വ്യവസ്ഥകൾക്കു വിധേയമായിട്ടാണ് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും, മറ്റു സംസ്ഥാ നങ്ങളിൽനിന്നുമെല്ലാം വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്ത് കേന്ദ്ര ആക്ടിൽ പറഞ്ഞതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. 2000-ലാണ് ഇത് പുതുക്കി നിശ്ചയിച്ചത്. ബോർഡിന്റെ സാമ്പത്തിക നില പരിഗണിച്ചുകൊണ്ട് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതുസംബന്ധിച്ച് ബോർഡ് ആലോചിച്ചു വരിക യാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇതൊരു സെൽഫ് സപ്പോർട്ടിംഗ് ക്ഷേമനിധിയാണ്. തൊഴിലാളികളുടെയും അതുപോലെ തൊഴിലുടമ എന്ന വീടുവയ്ക്കുന്നവരുടേയും ഭാഗത്തുനിന്നുമുള്ള ഷെയറാണ് നിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. നേരത്തേ ഇതിന്റെ പരിധി രണ്ടുലക്ഷം രൂപ വരെയുള്ള വീടുവെയ്ക്കുന്നവർ കൊടുക്കണമെന്നാണ്. ഇപ്പോൾ കേന്ദ്ര നിയമം വന്നതനുസരിച്ച് അത് 10 ലക്ഷം രൂപയായി. എന്റെ ചോദ്യം ഇങ്ങനെയുള്ള വീടുവയ്ക്കുന്ന ആളുകളുടെ ഷെയർ നമ്മൾ പലപ്പോഴും അസ്സസ്മെന്റിൽ കാണുന്നത് മുനിസിപ്പാലിറ്റികളിൽനിന്നും കോർപ്പറേഷനിൽനിന്നും പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ലിസ്റ്റനുസരിച്ചാണ്; പലപ്പോഴും ഇത് കിട്ടുന്നതിൽ കാലതാമസമുണ്ടാകുന്നു. അപ്പോൾ നഗരസഭകളിൽനിന്നും പഞ്ചായത്തുകളിൽനിന്നും കൃത്യമായ വിവരം ലഭിക്കുന്നില്ല. അങ്ങനെ എംപ്ലോയിയുടെ ഷെയർ ഇതിൽ പിരിഞ്ഞുകിട്ടാൻ വളരെ കാലതാമസമുണ്ടാകുന്നത് തീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഈ രണ്ടു ലക്ഷം രൂപയെന്നുള്ളത് 10 ലക്ഷം രൂപവരെയാക്കിയത്—വീടുകളെ സംബന്ധിച്ചിടത്തോളം, വാസഗൃഹങ്ങളെ സംബന്ധിച്ചിടത്തോളം—അത് കേന്ദ്രനിയമത്തിൽ വരുത്തിയ മാറ്റമാണ്. അത് നമ്മെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും റെയിൽവേ അടക്കമുള്ള മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ വന്നതുകൊണ്ട് ഇതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ നമുക്ക് കഴിയുന്നുണ്ട്. കാലതാമസത്തെ സംബന്ധിച്ചിടത്തോളം ഇപ്പോഴുള്ള സംവിധാനം, വീടുകളോ കെട്ടിടങ്ങളോ നിർമ്മിച്ചുകഴിഞ്ഞാൽ ടാക്സ് അസ്സസ് ചെയ്യുന്ന ഒരു പ്രോസസ്സ് ഉണ്ട്, താലൂക്ക് ആഫീസുകളിൽനിന്നും ലിസ്റ്റു വാങ്ങി ആ അസ്സസ്മെന്റ് സ്വീകരിക്കാനാണ് ഇപ്പോൾ അവസാനമായി കൊടുത്ത നിർദ്ദേശം. അതുകൊണ്ട് കാലതാമസം ഒരു നല്ല അളവോളം ഒഴിവാക്കാൻ കഴിയും. പിന്നെ പഞ്ചായത്തുകളിൽ നിന്നും അവിടെ രജിസ്റ്റർ ചെയ്യുന്ന ബിൽഡിംഗുകളുടെ ലിസ്റ്റു വാങ്ങി അസ്സസ് ചെയ്യുന്ന ഒരു പ്രോസ്സസ് ആണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, തൊഴിലാളികളിൽ പലരും പണമടയ്ക്കുന്നത് ബാങ്കുകൾ വഴിയാണ്. നേരത്തെ സബോഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ഇതു സംബന്ധിച്ച് ഒരു സ്റ്റഡി നടത്തിയപ്പോൾ മലബാറിലെ ചില ബാങ്കുകൾ, തുച്ഛമായ സംഖ്യയാണ് തൊഴിലാളി ഇതിലിടുന്നത് എന്നതുകൊണ്ട് പല ബാങ്കുകളും വാങ്ങാൻ തയ്യാറാകുന്നില്ല എന്നും അങ്ങനെ അവർക്ക് അടയ്ക്കാൻ കഴിയുന്നില്ല എന്നും മനസ്സിലാക്കി. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഇത് ഈ ബോർഡിന്റെ മാത്രമല്ല, മറ്റു തൊഴിവാളി ക്ഷേമനിധി ബോർഡുകളുടേയും കളക്ഷന്റെ കാര്യത്തിൽ വലിയൊരു ബുദ്ധിമുട്ട് ഇപ്പോൾ വന്നിട്ടുണ്ട്. മുമ്പ് ഡെപ്പോസിറ്റുകൾ ബാങ്കുകൾക്ക് കൊടുക്കുമ്പോൾ അതൊരു വലിയ അട്രാക്ഷനായിരുന്നു, എന്നാൽ ഇപ്പോൾ ബാങ്കുകളുടെ ഇന്ററസ്റ്റ് റേറ്റ് വളരെ കുറച്ചതുകൊണ്ട്—ഈ ബോർഡുകളെല്ലാം പ്രവർത്തിക്കേണ്ടത് ഇന്ററസ്റ്റിൽനിന്നും

കിട്ടുന്ന പണം കൊണ്ടാണ്—ഏറ്റവും കൂടുതൽ ഇന്ററസ്റ്റ് ലഭിക്കുന്ന അല്ലെങ്കിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഡെപ്പോസിറ്റുകളാണ് ഇപ്പോൾ നടക്കുന്നത്. അതുകൊണ്ട് ചില ബാങ്കുകളും ഡെപ്പോസിറ്റുകൾ ലഭിക്കുന്നില്ല എന്ന കാരണത്താൽ ഈ കളക്ഷനിൽനിന്നും പിൻമാറുന്നു. മാത്രമല്ല, ഈ കളക്ഷനെന്നു പറഞ്ഞാൽ വളരെ ചെറിയൊരു എമൗണ്ട് കളക്ടു ചെയ്ത് ഇത് അക്കൗണ്ട് ചെയ്ത്, ഇതിന്റെ പ്രോസസ്സ് കുറച്ച് time consuming ആണ്. Economic measures- കൊണ്ട് ഇങ്ങനെയുള്ള ചെറിയ ചെറിയ എമൗണ്ടുകളെല്ലാം മെയിന്റയിൻ ചെയ്യുന്നതിനുള്ള ബാങ്കുകളുടെ താൽപ്പര്യക്കുറവുണ്ട്. അതെല്ലാം പരിഗണിച്ചുകൊണ്ട്,—10-12-ഓളം തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഇതുപോലെയുണ്ട്—ആ ബോർഡുകൾക്കെല്ലാം വേണ്ടി കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഞങ്ങൾ വളരെ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കമ്പ്യൂട്ടറൈസ്ഡ് കളക്ഷൻ സെന്ററുകൾ താലൂക്ക് കേന്ദ്രങ്ങളിലെങ്കിലും, ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ ആഫീസുമായി ബന്ധപ്പെടുത്തി തുടങ്ങുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിനുള്ള ഒരു സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്യാൻ ഒരു ഏജൻസിയെ ഏൽപ്പിച്ചിരിക്കുകയാണ്. അതു വന്നു കഴിഞ്ഞാൽ നേരിട്ടുതന്നെ ഈ കളക്ഷൻ ബോർഡുകൾക്ക് സ്വീകരിക്കാൻ കഴിയും. അതുകൊണ്ട് വേറെയും പ്രയോജനങ്ങൾ ഉണ്ട്. അന്നന്നു തന്നെ ഇത് അക്കൗണ്ട് ചെയ്യപ്പെടും. ഈ ബാങ്കുകളുടെ അക്കൗണ്ടിന്റെ കൺസീലിയേഷൻ വരുന്നത് ചിലപ്പോൾ വർഷങ്ങൾക്കുശേഷമായിരിക്കും. അതുകൊണ്ട് ഏതൊക്കെ തുക കൂടി, ഏതൊക്കെ തുക കൂടിയില്ല എന്നുള്ളത് സംബന്ധിച്ച് നമുക്കൊരു അവ്യക്തത നിലനിൽക്കുന്നു. അത് പരിഹരിക്കാൻ കഴിയുന്ന നിലയിൽ collections streamline ചെയ്യാനുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുകയാണ്.

<u>ശ്രീ. ഡി. സുഗതൻ:</u> സർ, ഈ ലോകത്തെ ആദ്യത്തെ തൊഴിലാളി വിഭാഗമാണ് നിർമ്മാണ തൊഴിലാളികൾ. മനുഷ്യൻ ആദ്യമായി വീടായിരിക്കണം ഉണ്ടാക്കിയിട്ടുള്ളത്. പക്ഷെ അവർ സംഘടിച്ചുതുടങ്ങിയത് വൈകിയാണ്. അവർക്ക് ക്ഷേമ നിധിയും കാര്യങ്ങളുമുണ്ട്. എന്റെ ചോദ്യം രജിസ്ട്രേഷൻ ഉണ്ടെങ്കിൽപ്പോലും തവണ മുടങ്ങിയതുമൂലം അംഗത്വം ലാപ്സായ കേസുകളുണ്ട്. അങ്ങനെയുള്ള ആളുകൾ മരിച്ചാൽ അവരുടെ കുടുംബത്തിന് എന്തെങ്കിലും കൊടുക്കാൻ നടപടികളുണ്ടാകുമോ, ഇല്ലെങ്കിൽ ഒരു Ex-gratia payment എങ്കിലും അവർക്ക് കൊടുക്കുമോ?

<u>ശ്രീ. ബാബു ദിവാകരൻ:</u> തവണ മുടങ്ങിയതുമൂലം രജിസ്ട്രേഷൻ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അത് പുതുക്കുന്നതിനുള്ള വളരെ ഉദാരമായ സമീപനമാണ് ഇപ്പോൾ ബോർഡ് സ്വീകരിച്ചിട്ടുള്ളത്. അവർക്ക് മുടങ്ങിയ വർഷങ്ങളിലെ സംഖ്യ തവണകളായി അടച്ച് ആ രജിസ്ട്രേഷൻ നിലനിർത്താനുള്ള സൗകര്യം ഇപ്പോഴുണ്ട്. അങ്ങനെ ചെയ്യുന്നതിന് മുമ്പ് ഏതെങ്കിലും തൊഴിലാളി മരണപ്പെട്ടാൽ ആ തൊഴിലാളി അടച്ചിട്ടുള്ള തുകയും ഒരു Ex-gratia payment-ഉം നൽകുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ: സർ, ഇപ്പോൾ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുരുഷ, വനിതാ തൊഴിലാളികളുൾപ്പെടെ എത്ര രജിസ്റ്റേർഡ് അംഗങ്ങളുണ്ട്, ഇവർക്കിപ്പോൾ എന്ത് ഫണ്ടുണ്ട്, ഏതെല്ലാം തരത്തിലാണ് ഈ ഫണ്ട് സ്വരൂപിക്കുന്നത്; ഈ നാളുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്?

ശ്രീ. ബാബു ദിവാകരൻ: . ഏകദേശം 10 ലക്ഷത്തിൽപ്പരം തൊഴിലാളികൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവർക്കെല്ലാവർക്കുമായി ഇതുവരെ മൊത്തത്തിൽ വിതരണം ചെയ്ത ആനുകൂല്യങ്ങളെ സംബന്ധിച്ച് പറയണമെങ്കിൽ പ്രത്യേകം നോട്ടീസ് വേണം. കഴിഞ്ഞ വർഷം 21 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: 28-11-2000 മുതൽ കാലോചിതമായ വർദ്ധനവ് ആനുകൂല്യങ്ങളിൽ വരുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അപകട മരണ സഹായം, മരണാനന്തരസഹായം എന്നിവയായി നൽകുന്ന തുക വളരെ അപര്യാപ്തമാണ്. സർക്കാരിനു കോടിക്കണക്കിനു രൂപയുടെ ധനസഹായം നൽകുന്ന ഈ ക്ഷേമനിധി, ക്ഷേമനിധിയുടെ ചെലവിൽ ഇതിന്റെ മാനുഷിക വശം പരിഗണിച്ചു കൊണ്ട് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കാര്യം പരിഗണിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് ഇപ്പോൾ ഒരു ലക്ഷം രൂപ നൽകുന്നുണ്ട്. മറ്റൊരു ക്ഷേമപദ്ധതിയിലും, Workmen's Compensation Act -ൽപ്പോലും ഒരു ലക്ഷം രൂപ ഇപ്പോൾ നൽകുന്നില്ല. അതു വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ബോർഡ് പരിഗണിക്കുന്നതാണ്. ഇപ്പോൾ ഒരു ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നതു സംബന്ധിച്ചുള്ള ചർച്ച വളരെ അഡ്വാൻസ്ഡ് സ്റ്റേജിലാണ്. ഏതെങ്കിലും ഒരു ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നുകൊണ്ട് ഇത് ഒരു ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: 1998-ൽ കേന്ദ്ര ആക്ട് നടപ്പിലാക്കിയതിനുശേഷവും പല സ്ഥാപനങ്ങളും ആ ആക്ട് നടപ്പിലാക്കാത്തതുകൊണ്ട് കേരളത്തിൽ ഏറ്റവും അധികം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഇന്ത്യൻ റെയിൽവെ 1998-ലെ ക്ഷേമനിധിയിലേക്കു അടയ്ക്കാനുള്ള തുക അടച്ചിട്ടില്ല. കുടിശ്ശിക സഹിതം റെയിൽവേയിൽനിന്നും ഈ തുക പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. റെയിൽവെയും മറ്റു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമെല്ലാംതന്നെ അവിടെ നിർമ്മാണച്ചെലവിന്റെ ഭാഗമായി ഒരു ശതമാനം ബോർഡിലേയ്ക്ക് അടയ്ക്കണം എന്നുള്ളതാണ് നിബന്ധന. പക്ഷെ പല പൊതുമേഖലാ സ്ഥാപനങ്ങളും ഇതിനു വിമുഖത കാണിക്കുന്നു. റെയിൽവെയെ സംബന്ധിച്ചു കേന്ദ്ര തൊഴിൽ വകുപ്പു മന്ത്രിയും കേന്ദ്ര റെയിൽവെ വകുപ്പു മന്ത്രിയും ഇതു ടേക്കപ്പ് ചെയ്തതിന്റെ ഫലമായി ഈ മാസം മുതൽ റെയിൽവേ പണം അടച്ചുതുടങ്ങിയിട്ടുണ്ട്. അരിയേഴ്സ് ഉൾപ്പെടെയുള്ളത് അടയ്ക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ; നിർമ്മാണത്തൊഴിലാളികൾക്ക് നിർമ്മാണ ത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ ആധുനിക നിർമ്മാണ രീതി കളെക്കുറിച്ച് എന്തെങ്കിലും ട്രെയിനിംഗ് നൽകാൻ പദ്ധതിയുണ്ടോ; അതു സംബന്ധിച്ച് ആലോചനകൾ വല്ലതും ഉണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ഇതൊരു പ്രധാനപ്പെട്ട സംഗതിയാണ്. നിർമ്മാണ മേഖലയിൽ ഒരുപാട് ആധുനികവത്കരണം നടന്നുകൊണ്ടിരിക്കുകയാണ്. പഴയ നിർമ്മാണ രീതികളൊക്കെ മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷെ അതനുസരിച്ച് ഈ നിർമ്മാണത്തൊഴിലാളികളുടെ സ്കിൽ ഡെവലപ്പ് ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുമാത്രവുമല്ല ആഗോളതലത്തിൽ നിർമ്മാണത്തൊഴിലാളികളുടെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഇപ്പോൾതന്നെ ഇറാഖിൽ ഒരു വലിയ കൺസ്ട്രക്ഷന്റെ ബൂം വരാൻ പോകുകയാണ്. അവിടെയെല്ലാം ആധുനിക രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. നമ്മുടെ നാട്ടിലെ ആളുകൾക്ക് അതുമായി വലിയ പരിചയമില്ലാത്തതുകൊണ്ട് ഈ ബോർഡിന്റെ നേതൃത്വത്തിൽ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സമാപിക്കുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ മേഖലകളും masonry വർക്കു തൊട്ട് interior decoration വരെയുള്ള സ്കിൽ ഡെവലപ്പ്മെന്റിനു ബോർഡിലെ അംഗങ്ങളായിട്ടുള്ള തൊഴിലാളി കളുടെ മക്കളെത്തന്നെ അതിൽ ട്രെയിൻ ചെയ്യിക്കുന്നതിനുള്ള ഒരു പരിപാടിക്കു ബോർഡ് രൂപം കൊടുത്തിട്ടുണ്ട്. ഏതാനും മാസങ്ങൾക്കകം അത് നടപ്പിലാക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ലോകത്ത് ഏറ്റവുമധികം ജനബാഹുല്യമുള്ളത് ഈ രംഗത്താണ്. കാരണം ഏതെങ്കിലും യൂണിയനിൽ അംഗത്വമുള്ളവർക്കു മാത്രമേ ഈ ക്ഷേമനിധിയിൽ നിന്നും ആനുകൂല്യം കിട്ടുകയുള്ളൂ. ഈ ക്ഷേമനിധിയിൽ അനർഹരായിട്ടുള്ള ആളുകളും തൊഴിലാളികളായി രജിസ്റ്റർ ചെയ്തു കടന്നുകൂടിയി ട്ടുണ്ട്. എന്റെ മണ്ഡലം നിർമ്മാണത്തൊഴിലാളികളുടെ മണ്ഡലമാണ്. പാറ പൊട്ടി ക്കൽതൊട്ട് ഇഷ്ടികയുടെ പണിവരെ നിർമ്മാണത്തിനാവശ്യമായ എല്ലാ സംഗതി കളും അവിടെയുണ്ട്. അവർക്കാർക്കുംതന്നെ ഇതിൽ കടന്നുകൂടാൻ കഴിയാത്ത തര ത്തിൽ അനർഹരായിട്ടുള്ള ആളുകളെ ഇതിനകത്തു തിരുകികയറ്റി വച്ചിരിക്കു കയാണ്. ഇവരെ ഒഴിവാക്കി യഥാർത്ഥ നിർമ്മാണത്തൊഴിലാളികൾക്കുതന്നെ ആനു കൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി ഇത്തരം കള്ളനാണയങ്ങളെ തിരിച്ചറിയാൻ എന്തെ ങ്കിലും സർവ്വേയോ മറ്റെന്തെങ്കിലുമോ നടത്താൻ ഉദ്ദേശ്യമുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: അനർഹരായിട്ടുള്ള പല അംഗങ്ങളും ബോർഡിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഈ ഗവൺമെന്റ് വന്നതിനു ശേഷം ഒരു റാൻഡം പരിശോധന കഴിഞ്ഞ മാസത്തിൽ നടത്തിയിരുന്നു. ഏതാനും മാസങ്ങൾക്കുമുമ്പ് ഒരു വെരിഫിക്കേഷനും നടത്തി. ഫിസിക്കൽ വെരിഫിക്കേഷൻ വേണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ സംഘടിതരാണെങ്കിലും, യൂണിയൻ മുഖാന്തിരമാണ് രജിസ്ട്രേഷൻ നടത്തുന്നതും അതു പുതുക്കുന്നതു മെല്ലാം. അതുകൊണ്ട് തൊഴിലാളികളെ നേരിട്ടുകണ്ട് ഇതിന്റെ പരിശോധന വളരെ

പ്രയാസമാണ്. എങ്കിലും ബോർഡ് കാലാകാലങ്ങളിൽ ഇതിന്റെ റാൻഡം പരിശോധന നടത്താറുണ്ട്. അങ്ങനെ നടത്തുന്ന റാൻഡം പരിശോധനയിൽ അനർഹരായിട്ടുള്ള ആളുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കാം.

ശ്രീ. മത്തായി ചാക്കോ: കേരളത്തിലെ 15 ലക്ഷത്തോളം വരുന്ന നിർമ്മാണ തൊഴിലാളികളിൽ ഇതിനകം പത്തു ലക്ഷത്തോളം ആളുകൾ മാത്രമേ അങ്ങു പറഞ്ഞ മറുപടി പ്രകാരം ഇതിൽ അംഗങ്ങളായി തീർന്നിട്ടുള്ളൂ. യഥാർത്ഥത്തിൽ ഫ്ളാറ്റുകൾ, കച്ചവടസ്ഥാപനങ്ങൾ, വീടുകൾ ഇതെല്ലാം നിർമ്മിക്കുന്നതിനു കോൺട്രാക്ട് ലേബർ അടിസ്ഥാനത്തിൽ ഇടനിലക്കാരായി ചില ആളുകൾ പ്രവർത്തിക്കുകയും തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ ഉൾപ്പെടെയുള്ള മലയാളികളും തമിഴൻമാരുമായ ആളുകളും എല്ലാംതന്നെ കോൺട്രാക്ട് അടിസ്ഥാനത്തിൽ പണിയെടുക്കുന്നവരാണ്. ഇവരൊന്നും തന്നെ ഈ ക്ഷേമനിധിയുടെ പരിധിയിൽ വരുന്നില്ല. ഇത്തരമൊരു സാഹചര്യം ഗവൺമെന്റ് മനസ്സിലാക്കിയിട്ടുണ്ടോ; 15 ലക്ഷം തൊഴിലാളികളേയും ക്ഷേമനിധിയുടെ പരിധിയിൽകൊണ്ടുവരുന്നതിന് ആവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: നിർമ്മാണ മേഖലയിൽതന്നെ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് ഒരുപാട് തർക്കങ്ങൾ ഉണ്ട്. സെൻസസും സ്റ്റാറ്റിസ്റ്റിക്സും അനുസരിച്ച് ഇത്രയും തൊഴിലാളികൾ ഇല്ലെന്നാണ് പറയുന്നത്. എങ്കിലും പ്രായോഗികമായി ഒരുപാടുപേർ ഇനിയും അംഗങ്ങളായി ചേരാനുണ്ടെന്നുള്ളതാണ് സത്യം. അതുകൊണ്ട് ജനുവിൻആയി ഈ മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികളേയും അംഗങ്ങളാക്കാനാണ് ബോർഡ് ശ്രമിക്കുന്നത്. ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽനിന്നും വളരെയധികം ആളുകൾ കോൺട്രാക്ട് തൊഴിലാളികളായി കേരളത്തിലേയ്ക്കു വരുന്നുണ്ട്. Migration of Labour Act അനുസരിച്ച് അങ്ങനെ വരുന്ന തൊഴിലാളികൾ ഇവിടെ രജിസ്റ്റർ ചെയ്യണം എന്നാണ് നിബന്ധന. അതാരും പാലിക്കുന്നില്ല. അതു പാലിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽവന്നു പണിയെടുക്കുന്നതിന് തൊഴിലാളികളെ കൊണ്ടുവരുന്ന ഈ കോൺട്രാക്ടർമാർ ഇവിടെ രജിസ്റ്റർ ചെയ്യണം. അതുപോലെ കൊണ്ടുവരുന്ന ആളുകളുടെ ബയോഡേറ്റ അടങ്ങുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നാണ് നിബന്ധന. പക്ഷെ ആരും അത് പാലിക്കുന്നില്ല. അതിനും കുറെശ്ശേയായി നടപടികൾ എടുത്തുവരുന്നു.

ശ്രീ. സി. മോയിൻകുട്ടി: കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് ക്ഷേമനിധിയിൽ നിന്നും വൻതോതിൽ കടമെടുക്കുകയും അതു തൊഴിലാളികളുടെ ഉത്തമ താൽപ്പര്യങ്ങൾക്ക് വളരെയധികം ദോഷം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റിന് ക്ഷേമനിധിയിൽനിന്നും കടം എടുക്കുകയില്ല എന്നു ഉറപ്പുപറയാൻ സാധിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ഈ ഗവൺമെന്റ് വന്നതിനുശേഷം സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടും ക്ഷേമനിധിയിൽനിന്നും ഇതുവരെ പൈസ എടുത്തിട്ടില്ല. അതുമാത്രവുമല്ല, നിർമ്മാണനിധിയിൽനിന്നും എടുത്തിട്ടുള്ള പണം തിരിച്ചുകിട്ടിക്കൊണ്ടിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കള്ളുചെത്ത് ക്ഷേമനിധി ബോർഡിൽനിന്നും എടുത്തിട്ടുള്ള 100 കോടി രൂപ കഴിഞ്ഞ മാസം തിരിച്ചുകിട്ടിയിട്ടുണ്ട്. നിർമ്മാണത്തൊഴിലാളി ബോർഡിൽ നിന്നും എടുത്ത 40 കോടി രൂപയുടെ ചെക്ക് കഴിഞ്ഞ ദിവസമാണ് ലഭിച്ചത്. ഇപ്പോഴത്തെ സ്ഥിതിയിൽ ക്ഷേമനിധി ബോർഡിൽനിന്നും പണം കൊടുക്കേണ്ട തായി വരുന്നില്ല. പക്ഷെ കടം കൊടുക്കുന്നതിൽ തെറ്റൊന്നുമില്ല. മറ്റൊന്നുമല്ല, ഈ ബോർഡ് ഏതെങ്കിലും ബാങ്കുകളിൽ ഡെപ്പോസിറ്റു ചെയ്യുകയാണെങ്കിൽ, അങ്ങനെ ഡെപ്പോസിറ്റു ചെയ്യുമ്പോൾ കിട്ടുന്ന ഇന്ററസ്റ്റ് ബാങ്കിനു തരികയാണെങ്കിൽ ആ പണം ഉപയോഗിക്കുന്നതിൽ തെറ്റില്ല എന്നാണ് എന്റെ വിശ്വാസം.

ശ്രീ. ടി. പി. രാമകൃഷ്ണൻ: അനർഹരായ തൊഴിലാളികളെ ക്ഷേമനിധിയിൽ നിന്നും ഒഴിവാക്കുന്നതിനെക്കുറിച്ചു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു ഉത്തരത്തിൽ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ അത്തരത്തിലുള്ള ഏതെങ്കിലും തൊഴിലാളികൾ ക്ഷേമനിധിയിൽ ഉണ്ടെന്നു കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ഒഴിവാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: ഇതു തൊഴിലാളികളും യൂണിയനുകളും വളരെ ശക്ത മായി എതിർക്കുന്ന ഒരു കാര്യമാണ്. ഞങ്ങളുടെ പരിശോധനയിൽ അർഹരല്ലാത്ത ചിലരെങ്കിലും കടന്നു കൂടിയിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. പക്ഷെ ആ പരിശോധന യുടെ പേരിൽ ആരേയും അതിൽനിന്നും ഒഴിവാക്കിയിട്ടില്ല. ഗൾഫിൽ പോയിട്ടുള്ളവരും അക്കൂട്ടത്തിൽ ഉണ്ട്. ഒന്നു രണ്ടു പേർക്കു സർക്കാർ സർവ്വീസിൽ ജോലിയും കിട്ടിയിട്ടുണ്ട്. എങ്കിലും അവർ ഇപ്പോഴും അംഗത്വം നിലനിർത്തുന്നുണ്ട്. അങ്ങനെ കണ്ടുപിടിക്കുന്ന ആളുകളെ അതിൽനിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ഒരാൾ രജിസ്ട്രേഷനുവേണ്ടി അപേക്ഷ കൊടുക്കുമ്പോൾ അയാൾ നിർമ്മാണ തൊഴിലാളിയാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നത് ട്രേഡ് യൂണിയനാണ്. ട്രേഡ് യൂണിയനിൽ അംഗമായാൽ അവൻ നിർമ്മാണത്തൊഴി ലാളിയായി വരുന്ന ഒരു അവസ്ഥ കേരളത്തിൽ ഉണ്ട്. അനർഹരായ ആളുകൾ, ഈ നിർമ്മാണ പ്രവർത്തനവുമായി പുലബന്ധം പോലുമില്ലാത്ത തൊഴിലാളികൾ ഇതിൽ കടന്നു വന്നിരിക്കുന്നതു കണ്ടെത്തി അവരെ നീക്കം ചെയ്യുന്നതിനും ഇതിന്റെ ഫണ്ടുകൾ യഥാർത്ഥ തൊഴിലാളികൾക്കുവേണ്ടി മാത്രമായി ഉപയോഗപ്പെടുത്താനും എന്തു മാനദണ്ഡമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: അതാണ് മുമ്പു പറഞ്ഞത്, ബോർഡ് ഇത്തരത്തിൽ ചില പരിശോധനകളൊക്കെ ഇടയ്ക്കിടയ്ക്കു നടത്തുന്നുണ്ട്. കണ്ടെത്തുന്ന അനർഹ രായിട്ടുള്ളവരെ ഒഴിവാക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. എ. എ. അസീസ്: നിർമ്മാണതൊഴിലാളികളുടെ ഡെഫിനിഷൻ എന്തെല്ലാ മാണ്? ഏതെല്ലാം വിഭാഗം നിർമ്മാണത്തൊഴിലാളികൾക്കാണ് ഇതിൽ അംഗങ്ങളാകാൻ കഴിയുന്നത് എന്നു വ്യക്തമാക്കാമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: നിർമ്മാണ പ്രവർത്തനവുമായി ബന്ധമുള്ള എല്ലാ തൊഴിലാളികളും, Mason തൊട്ട് Interior decorator വരെയുള്ള ആളുകൾ, നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതു മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും ഇതിൽപ്പെടും. ക്വാറി വർക്കേഴ്സിനേയും ഇതിൽ ഉൾപ്പെടുത്താം. വളരെ വിപുലമാണ് ഇതിന്റെ പരിധി. നിർമ്മാണ പ്രവർത്തനവുമായി ഏതെങ്കിലും രീതിയിൽ ബന്ധമുള്ള തൊഴിലാളികളെ ഇതിൽ അംഗങ്ങളാക്കും.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ പലപ്പോഴും പാമ്പു കടിയേറ്റ് മരിക്കാറുണ്ട്. അങ്ങനെ സംഭവിക്കുന്ന കേസിൽ അവർക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, പാമ്പുകടിയേറ്റു മരിക്കുന്നവരെ അപകടത്തിൽപ്പെട്ടു മരിക്കുന്നവർക്കു തുല്യമായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ: കെട്ടിട നിർമ്മാതാക്കളുടെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് പലരും വീഴ്ച വരുത്തുന്നുണ്ട്. പഞ്ചായത്തുകളിൽ കെട്ടിടം പൂർത്തിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതിനു നമ്പരിട്ടു കൊടുക്കുന്ന ഘട്ടത്തിൽ ക്ഷേമനിധി വിഹിതം അടച്ചിരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഗൃഹനിർമ്മാണത്തിൽ പ്രധാനമായും പത്തു ലക്ഷത്തിനു മുകളിൽ വരുന്ന കെട്ടിടങ്ങളെയാണ് ഇതിന്റെ പരിധിയിൽ ഇപ്പോൾ പെടുത്തിയിരിക്കുന്നത്. അങ്ങനെയൊരു ലൈസൻസ് ഇഷ്യൂ ചെയ്യുന്നതിനുമുമ്പ് ക്ഷേമനിധികളുടെ വിഹിതം അടച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനെ സംബന്ധിച്ചിടത്തോളം എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയും എന്നു പരിശോധിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഗവൺമെന്റിന്റെ ധനസഹായമില്ലാതെ പ്രവർത്തിക്കുന്ന ക്ഷേമനിധിയാണ് കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി. ഇതിനകത്തെ ഒരു പ്രധാന വരുമാന മാർഗ്ഗം എന്നുപറയുന്നത് എംപ്ലോയീസിന്റെ കോൺട്രിബ്യൂഷനാണ്. പലരും അത് അടയ്ക്കുന്നില്ല. പല വൻകിട കെട്ടിട നിർമ്മാതാക്കളുമാണ് എംപ്ലോയീസ് കോൺട്രിബ്യൂഷൻ അടയ്ക്കാതെ ഒഴിഞ്ഞുമാറുന്നത്. ഇതുവരെ എത്ര കോടി രൂപ എംപ്ലോയീസ് കോൺട്രിബ്യൂഷനുമായി ബന്ധപ്പെട്ട് പിരിച്ചെടുക്കാനുണ്ട്? കുടിശ്ശിക എത്രയുണ്ട്? ഇതു പിരിച്ചെടുക്കാനുള്ള എന്തെല്ലാം നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു എന്നു വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: സർ ഈ ബോർഡിലെ ക്ഷേമനിധി കുടിശ്ശിക വളരെ കൂടുതൽ പിരിച്ചെടുക്കാനായിട്ടുണ്ട്. കേന്ദ്രനിയമം വന്നുകഴിഞ്ഞപ്പോൾ, അത് 98-ൽ നിയമമായി നടപ്പിലാക്കിവന്നപ്പോൾ, കളക്ഷനെ സംബന്ധിച്ചിടത്തോളം ലേബർ ഡിപ്പാർട്ടുമെന്റാണ് അസ്സസ് ചെയ്ത് ഇതിന്റെ തുക പിരിച്ച് ബോർഡിൽ അടയ്ക്കേണ്ടത്. ലേബർ ഡിപ്പാർട്ട്മെന്റിൽ ഇപ്പോൾതന്നെ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതെയിരിക്കുകയാണ്. ഒരു ജില്ലയിൽ ഒരു ഉദ്യോഗസ്ഥനാണ് ഇതിന്റെ ചുമതല യുള്ളത്. ആ ഉദ്യോഗസ്ഥൻ പരമാവധി അത് കളക്ട് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തു ന്നതിന് പുതിയ നടപടിക്രമങ്ങൾ കഴിഞ്ഞ ഏതാനും മാസങ്ങളായി ഏർപ്പെടുത്തിയ തിന്റെ ഫലമായി നല്ല നിലയിൽ ഇതിന്റെ അരിയേഴ്സ് പിരിച്ചെടുക്കാനായിട്ടുണ്ട്. കളക്ഷൻ വളരെക്കൂടുതൽ വർദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പോലെ വലിയ കെട്ടിടങ്ങൾക്ക് പ്രാധാന്യം കൊടുത്ത് അതിന് കൂടുതൽ ഊന്നൽ നൽകി ഒരു ജില്ലയിലെ ഇതുപോലെയുള്ള പ്രധാനപ്പെട്ട കെട്ടിടങ്ങളുടെയെല്ലാം സെസ്സ് ഒരു വർഷത്തിനകം കളക്ട് ചെയ്യുന്നതിനും ഇതുവരെ പണി തീർന്നിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടേയും സെസ്സ് ഒരു വർഷത്തിനകം കളക്ട് ചെയ്ത് എടുക്കുന്നതിനുമുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഈ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലെ ഉടമകളുടെ അംശദായം വീട്ടുടമകളിൽനിന്നു വാങ്ങുന്നത് സ്കയർ ഫീറ്റ് അനുസരി ച്ചാണ്. താലൂക്കിൽ സർവ്വെ രേഖപ്പെടുത്തിയ കണക്കനുസരിച്ചാണ് വാങ്ങുന്നത്. ഇതിൽ വൻതോതിൽ, ലക്ഷക്കണക്കിന് ഉറുപ്പിക ചെലവഴിച്ച് ഇന്റീരിയർ ഡെക്കറേഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കിയ വീടുകളുണ്ട്. സ്കയർഫീറ്റ് അനുസരിച്ച് കണക്കാക്കുമ്പോൾ ഇത് വളരെ പരിമിതമായ തുകയാണ്. ഡെക്കറേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളുടെ ചെലവുൾപ്പെടെ കണക്കാക്കി ഉടമകളിൽനിന്ന് അംശദായം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ പഞ്ചായത്തുകൾ അസ്സസ് ചെയ്യുന്നു; അതുപോലെതന്നെ റവന്യൂ ഉദ്യോഗസ്ഥർ അസ്സസ് ചെയ്യുന്നു. ഇവർ രണ്ടു കൂട്ടരും അസ്സസ് ചെയ്തതിന്റെ മുകളിൽ ലേബർ ഓഫീസർ ഗ്രേഡ്-1 പോയി അസസ്സ് ചെയ്താൽ ഇതിനകത്ത് എത്ര കണ്ടു പിടിക്കും? അതു മാത്രമല്ല ഇതിന്റെ കോംപീറ്റൻസ് ഒരു ലേബർ ഉദ്യോഗസ്ഥൻ ബിൽഡിംഗ് പരിശോധിച്ച് അസ്സ സ്മെന്റ് നടത്തുന്നതിന്റെ കൺടിന്യൂവേഷൻ ആയി പലപ്പോഴും ഇത് തർക്ക വിഷയ മാകാറുണ്ട്. മിക്കവാറും എല്ലാ രീതിയിലും തർക്കം വരുന്നു. ഒരു അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-1-ന് ഇത് അസസ്സ് ചെയ്യുന്നതിലുള്ള കോംപീറ്റൻസ് പലപ്പോഴും തർക്കം വരുന്നതാണ്. അതുകൊണ്ട് ഇപ്പോൾ ഇത് ഒരുപാട് തർക്കങ്ങൾക്കും ഒക്കെ ചാൻസ് ഉള്ളതുകൊണ്ട്, ഏതെങ്കിലും സർക്കാർ ഏജൻസിയോ, പഞ്ചായത്തോ അതു മല്ലെങ്കിൽ റവന്യൂ ഉദ്യോഗസ്ഥരോ അസസ്സ് ചെയ്ത് ഒരു അസസ്സ്മെന്റ് ബെയ്സ് ആയിട്ട് എടുക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിന് ചില പ്രശ്നങ്ങളുണ്ട്. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഞങ്ങൾ ആലോചിച്ചുകൊ ണ്ടിരിക്കുകയാണ്. കുറ്റമറ്റ ഒരു സംവിധാനം ഇതിന്റെ അസസ്സ്മെന്റിനെ സംബന്ധിച്ചി ടത്തോളം ഉണ്ടാക്കുക എന്നുള്ളതാണ്. ആവശ്യമായ സ്റ്റാഫിന്റെ അപര്യാപ്തതയുമുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഇന്ന് നിർമ്മാണത്തൊഴിലാളികൾ ഏതെങ്കിലും ഒരു അപകടത്തിൽപ്പെട്ടാലോ അല്ലെങ്കിൽ മറ്റസുഖം വന്നാലോ ചികിത്സി ക്കുന്നത് സർക്കാർ തിരഞ്ഞെടുത്ത ചില ആശുപത്രികളിലാണ്. പെട്ടെന്ന് അപകടം ഉണ്ടാകുമ്പോൾ സ്വാഭാവികമായും ചികിത്സിക്കുന്നതിന് എത്രയും വേഗത്തിൽ അടുത്ത ചികിത്സാ കേന്ദ്രത്തിൽ എത്തേണ്ടതുള്ളതുകൊണ്ട് എല്ലാ ആശുപത്രികളിലും ഇത്തര ത്തിലുള്ള ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: സർ, ഇപ്പോൾ ചികിത്സ നൽകിവരുന്നത് ബോർഡ് ലിസ്റ്റ് ചെയ്തിട്ടുള്ള ചില ആശുപത്രികളിലാണ്. പ്രധാനമായും ചികിത്സാ കേന്ദ്രങ്ങളായി അംഗീകരിച്ച് അതിന്റെ കോംപൻസേഷൻ നൽകുന്നത് അതുവഴിയാണ്. ഏതെങ്കിലും അത്യാവശ്യഘട്ടത്തിൽ അങ്ങനെ ഒരു തൊഴിലാളി ഒരാശുപത്രിയിൽ ചികിത്സക്കുപോയാൽ നിരസിക്കുന്ന പ്രശ്നമില്ല. അതിന്റെ ജനുവിൻനസ് പരിശോധിച്ച് കൊടുക്കാനാണ് ബോർഡ് തീരുമാനിക്കുന്നത്.

ശ്രീ. വർക്കല കഹാർ: സർ, വർക്ക്മെൻ കോംപൻസേഷൻ ആക്റ്റ് അനുസരിച്ച് ആനുകൂല്യം ലഭിക്കുന്ന ആളുകൾക്കും അവരുടെ ആശ്രിതർക്കും ഈ ക്ഷേമനിധിയിൽനിന്ന് ആനുകൂല്യം നൽകാറുണ്ടോ? അവർക്കും ഈ ക്ഷേമനിധിയിൽനിന്ന് ആനുകൂല്യം നൽകുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, മിക്കവാറും ക്ഷേമനിധികളിലെല്ലാം വർക്ക്മെൻ കോംപൻസേഷനാണോ അല്ലെങ്കിൽ ഈ ക്ഷേമനിധിയിൽനിന്നു കിട്ടുന്ന ആനുകൂല്യങ്ങളാണോ തൊഴിലാളിക്ക് കൂടുതൽ നല്ലത്, അതനുസരിച്ച ചോയ്സ് ആണ് തൊഴിലാളികൾക്കുള്ളത്. ഒന്നുകിൽ വർക്ക്മെൻ കോംപൻസേഷൻ ആക്റ്റ് അനുസരിച്ച് എടുക്കും, അല്ലെങ്കിൽ ഈ ക്ഷേമനിധിയിൽനിന്ന് എടുക്കും. ഈ ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളം വർക്ക്മെൻ കോംപൻസേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് നിരോധിച്ചിട്ടില്ല എന്നത് ഒരു പ്രത്യേകതയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, നിർമ്മാണത്തൊഴിലാളികൾ മുതൽ മന്ദബുദ്ധികൾ വരെയുള്ള 60 ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് വലിയ ആശ്വാസം നൽകുന്ന ഒരു പദ്ധതിയാണ് ക്ഷേമപദ്ധതികൾ. അതിൽ ആയിരം കോടി രൂപയോളം ഇപ്പോൾ കൊടുക്കാൻ ബാക്കിയാണ്. ആയിരം കോടിയോളം രൂപ നിങ്ങളുടെ 20 ക്ഷേമനിധി പദ്ധതികൾ—ഞാൻ ഇപ്പോൾ കൂട്ടിനോക്കുമ്പോൾ കർഷക തൊഴിലാളി ക്ഷേമനിധി കുടിശ്ശിക 98 കോടി, 114 കോടി രൂപ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ വേതനം കുടിശ്ശിക.....ഇതൊക്കെ മൊത്തം കൂട്ടിയാൽ ഈ ഇരുപതു ക്ഷേമപദ്ധതിയിൽ ആയിരം കോടി രൂപ ഇപ്പോൾ കൊടുക്കാൻ ബാക്കിയാണ്.. ഇതൊക്കെ കൊടുത്തു തീർക്കാൻ ഗവൺമെന്റിന് കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ഇതിൽ ഏറ്റവും ഫലപ്രദമായ ഒരു പദ്ധതിയാണ് നമ്മുടെ നിർമ്മാണ ക്ഷേമപദ്ധതി. ഇൻഡ്യാ രാജ്യത്തിലെ ഏറ്റവും നല്ലൊരു പദ്ധതിയാണ്, അത് ഇവിടെ ഇപ്പോഴും നടപ്പിലാക്കിയിട്ടുള്ളതാണ്. ഏറ്റവും വലിയൊരു വിഷമത ഇനി ഗവൺമെന്റ് നേരിടാൻ പോകുന്നത് അംശദായം പത്തു പൈസ പിരിച്ചെടുക്കാൻ ഈ ഗവൺമെന്റിനു കഴിയാത്ത ഒരു പരിതഃസ്ഥിതി സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വരാൻ പോകുകയാണ്. ഇപ്പോൾ നമ്മുടെ മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതിയുമായി ബന്ധപ്പെടുത്തി സുപ്രീംകോടതിയിൽ ഒരു കേസ് കൊടുത്തതിന്റെ ഭാഗമായി എംപ്ലോയേഴ്സിൽനിന്ന് വിഹിതം പിരിക്കേണ്ട എന്ന് തീരുമാനിച്ചു. ആ വിധി ഇവിടെ നടപ്പിലാക്കാൻ നിർബന്ധിക്കപ്പെട്ടു കഴിഞ്ഞാൽ ഈ ക്ഷേമപദ്ധതിയും പൊളിയും. അതുകൊണ്ട് ഈ ക്ഷേമപദ്ധതികളുടെ സുരക്ഷയ്ക്ക് ഏറ്റവും ഫലപ്രദമായ രൂപത്തിൽ ഒരു ഓർഡിനൻസ്—നിയമസഭ നടക്കുമ്പോൾ പറ്റുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഒരു നിയമ നിർമ്മാണം ആവശ്യമാണ്. സുപ്രീം കോടതി വിധിയെ മറികടക്കുന്ന ഒരു നിയമ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണ്. അല്ലെങ്കിൽ നിങ്ങൾക്ക് ഈ കോൺട്രിബ്യൂഷൻ, അംശദായം ഇനി പിരിച്ചെടുക്കാൻ പറ്റില്ല. ഇപ്പോൾ തന്നെ അഞ്ഞൂറോളം കോടി രൂപ ബാക്കിയാണ്. മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിധി ഞങ്ങൾക്ക് നടപ്പിലാക്കണമെന്നു പറഞ്ഞാൽ 10 ലക്ഷം രൂപ ചെലവു ചെയ്ത് നിർമ്മാണം നടത്തുന്ന ഒരു മുതലാളി 10,000 രൂപ പദ്ധതിക്ക് കൊടുക്കണം. അവരും ഈ വിധി നടപ്പിലാക്കാൻ ഇവിടെ തീരുമാനിച്ചാൽ അത് കംപ്ളീറ്റ് ആയിട്ട് പൊളിയും. അതുകൊണ്ട് വല്ല നീക്കവും ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ബാബു ദിവാകരൻ: സർ, ബഹുമാനപ്പെട്ട ബാവൻ ചൂണ്ടിക്കാണിച്ചത് ചില ക്ഷേമനിധികളെ സംബന്ധിച്ച പ്രശ്നമാണ്. ഈ ക്ഷേമനിധിക്ക് ആ പ്രശ്നമില്ല. ഇതൊരു സെസ്സാണെന്നതുകൊണ്ട് സെസ്സ് കളക്റ്റ് ചെയ്യാനുള്ള അവകാശം കേന്ദ്ര ഗവൺമെന്റിന് ഉണ്ട്, സംസ്ഥാന ഗവൺമെന്റിന് ഇല്ല. ഇതൊരു സെസ്സ് ആണെന്നുള്ളതുകൊണ്ട് കോടതിക്ക് ഇതിന്റെ കോൺട്രിബ്യൂഷനെ സംബന്ധിച്ചിടത്തോളം എംപ്ലോയർ-എംപ്ലോയി റിലേഷൻ അതായിരുന്നു അവിടെ പരിശോധിക്കപ്പെട്ടത്. നേരിട്ട് ഒരു എംപ്ലോയി ചെയ്യുന്നപണിക്കു മാത്രമേ ഇതു കൊടുക്കാൻ ബാദ്ധ്യതയുള്ളൂ; അതുകൊണ്ട് എംപ്ലോയി എംപ്ലോയർ റിലേഷൻ നേരിട്ട് ഇല്ല എന്നു പറഞ്ഞുകൊണ്ടാണ് ഫിഷറീസിന്റെ കാര്യത്തിലും അതായത് എക്സ്പോർട്ടേഴ്സ് നേരിട്ടല്ല ഈ തൊഴിലാളികളെ എൻഗേജ് ചെയ്യുന്നത് എന്നുള്ള തർക്കമാണ് കോടതി അംഗീകരിച്ചത്. പക്ഷേ ഇവിടെ ഇതൊരു സെസ്സ് ആയതുകൊണ്ട് ആ പ്രശ്നം ഉദിക്കുന്നില്ല. അതുകൊണ്ട് ഫിഷറീസിലും, ഹാന്റ്ലൂമിലും ഇതുപോലെ മറ്റ് ക്ഷേമനിധികൾ ഇനി ഏർപ്പെടുത്തുമ്പോഴും ഇതുപോലെ ഒരു സെസ്സ് ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കുന്നത്. അതിനുള്ള ബിൽ തയ്യാറാക്കികൊണ്ടിരിക്കുന്നു; അതിന്റെ അന്തിമ ഘട്ടത്തിലാണ്. ഈ സെഷനിൽ തന്നെ കൊണ്ടുവരാൻ കഴിയുമെങ്കിൽ കൊണ്ടുവരും. ഫിഷറീസിലേയും അതുപോലെതന്നെ ഹാന്റ്ലൂമിലേയും ഒരു സെസ്സാക്കി മാറ്റിക്കൊണ്ടുള്ള നിയമനിർമ്മാണത്തിന് ഗവൺമെന്റ് രൂപം കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കെ. ഷാജു: സർ, പലവിധ കാരണങ്ങളുടെ പേരിൽ നിശ്ചയിച്ച സമയത്ത് ക്ഷേമനിധി പുതുക്കാൻ കഴിയാതെ വന്നിട്ടുള്ളവർക്ക് അവരുടെ അംഗത്വം വീണ്ടും പുതുക്കാൻ അവസരം നൽകും എന്ന് അങ്ങ് പറഞ്ഞു. പക്ഷെ ഇതിന് തടസ്സമായി നിശ്ചയിച്ച സമയത്ത് പുതുക്കാത്ത ആളുകൾ അംഗത്വം പുതുക്കേണ്ടതില്ല എന്നു പറഞ്ഞുകൊണ്ടുള്ള ഒരു ഉത്തരവ് നൽകിയിരുന്നതായി അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ബാബു ദിവാകരൻ: സർ. അംഗത്വം നഷ്ടപ്പെട്ടവർക്ക് പുതുക്കാൻ ഉദാരമായ വ്യവസ്ഥകളാണ് വച്ചിട്ടുള്ളത്. ഏതെങ്കിലും തൊഴിലാളിക്ക് അങ്ങനെ പുതുക്കാൻ കഴിഞ്ഞില്ലെങ്കിൽ അവർക്ക് ഇതുവരെ അടയ്ക്കാൻ കഴിയാത്ത തുക വളരെ ലിബറലായിട്ടുള്ള തവണകൾ വച്ച് അടച്ച് അതു പുതുക്കാനുള്ള സംവിധാനമാണ് ഇപ്പോഴുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: സർ, നിരവധി ആകർഷണീയങ്ങളായ ആനുകൂല്യങ്ങൾ ഈ ക്ഷേമനിധി ബോഡ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതിൽ ബോണസ് ആനുകൂല്യം കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി സംഘടനകൾ അങ്ങയുടെ മുമ്പിൽ വന്നിട്ടുണ്ട്. അത് ഈ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; അതിൻമേൽ എന്തെങ്കിലും നടപടി എടുക്കാൻ തീരുമാനിച്ചോ?

ശ്രീ. ബാബു ദിവാകരൻ: സർ, ബോണസ് തീരുമാനിക്കുന്നത് മറ്റൊരു നിയമ വ്യവസ്ഥ അനുസരിച്ചാണ്; ബോണസ് ആക്റ്റ് അനുസരിച്ചാണ്. ഈ ആക്റ്റിന്റെ പരിധിയിൽ ഈ ക്ഷേമനിധിയുടെ നിയമം വരുന്നു എന്നുള്ളതുകൊണ്ട് തന്നെ ബോണസ് ഇതിനകത്ത് ഉൾപ്പെടുത്തുന്നതിന് നിയമപരമായി തടസ്സങ്ങളുണ്ട്. അതു മാത്രമല്ല, ബോണസ് കൊടുക്കണമെങ്കിൽ ഇത്രയും കോൺട്രിബ്യൂഷനൊന്നും പോര. ബോണസ് ആകുമ്പോൾ ഒരു വലിയ തുക കൊടുക്കേണ്ടിവരും. അതുകൊണ്ട് വെൽഫെയർ മെഷറിന്റെ കൂട്ടത്തിൽ ബോണസ് പെടുത്തേണ്ട എന്നതാണ് പൊതുവിലുള്ള അഭിപ്രായം.

ശ്രീ. എം. എ. വാഹീദ്: സർ, ഈ ക്ഷേമനിധിയുടെ പരിധിയിൽ അപകടങ്ങൾ സംഭവിക്കുന്നവർക്ക് വളരെ പരിമിതങ്ങളായ സഹായങ്ങളാണ് കിട്ടുന്നത്. മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയാണ് കിട്ടുന്നത്. അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് അവരുടെ mandates നഷ്ടപ്പെടുന്നതുകൊണ്ട് വരുമാനവും ഇല്ലാതാകുകയാണ്. അങ്ങനെയുള്ള തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: സർ, അപകടത്തിൽപ്പെട്ട് ജോലി നഷ്ടപ്പെടുകയോ, ജോലി ചെയ്യാൻ കഴിയാതെ വരികയോ ചെയ്യുന്നവർക്ക് ആദ്യത്തെ 5 ദിവസം 60 രൂപ വീതം സഹായം നൽകും. അതിനുശേഷം അടുത്ത 15 ദിവസം 60 രൂപ വീതം നൽകും. അഡ്മിറ്റായ തൊഴിലാളികൾക്ക് ചികിത്സക്കായി 10,000 രൂപ വരെ നൽകും. അതുപോരാതെ വരുന്ന കേസുകളിൽ, ജനുവിനായിട്ടുള്ള കേസുകളിൽ കൂടുതൽ ആനുകൂല്യങ്ങൾ കിട്ടണമെങ്കിൽ ക്ഷേമനിധി ബോർഡിൽ അപേക്ഷ കൊടുക്കാവുന്നതാണ്. ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് വളരെ സജീവമായി പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ ക്ഷേമനിധികളിൽ വച്ച് ഏറ്റവും കൂടുതൽ ആളുകൾ പ്രയോജനപ്പെടുത്തുന്നതും ഏറ്റവും ആകർഷകവുമായിട്ടുള്ള ഒരു ക്ഷേമനിധി ബോർഡാണ് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്. ഇത് രൂപം കൊള്ളുന്ന സമയത്തുണ്ടായിരുന്നതിനേക്കാൾ എത്രയോ ഇരട്ടി തൊഴിലാളികളാണ് ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നുകൊണ്ടിരിക്കുന്നത്. എന്നാൽ ആനുകൂല്യങ്ങൾക്കു വേണ്ടി അപേക്ഷ കൊടുത്തു കഴിഞ്ഞാൽ ഓഫീസുകളിലുണ്ടാകുന്ന കാലതാമസം പ്രത്യേകിച്ച് ജില്ലാ ഓഫീസുകളിൽ പോകേണ്ടി വരുമ്പോൾ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. ഇതുണ്ടാകാനുള്ള കാരണം ഇതു തുടങ്ങുന്ന സമയത്ത് എത്ര ജീവനക്കാരുണ്ടായിരുന്നോ അതുതന്നെയാണ് ഇപ്പോഴുമുള്ളത് എന്നതാണ്. മാത്രവുമല്ല ഈ ജീവനക്കാരെല്ലാം തന്നെ ഡെപ്യൂട്ടേഷനിൽ അവിടെ പോയവരും താൽക്കാലികമായി നിയമനം ലഭിച്ചവരുമൊക്കെയാണ്. പ്രത്യേകിച്ച് കളക്ഷൻ സെന്ററുകൾ ആരംഭിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന പശ്ചാത്തലത്തിൽ ക്ഷേമനിധിയിൽ തൊഴിലാളികൾ വർദ്ധിച്ചതിന്റെ തോതനുസരിച്ച് ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കുവാനും, അവരെ പി. എസ്. സി. വഴി റിക്രൂട്ട് ചെയ്യാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഈ ബോർഡുകളുടെ പ്രവർത്തനത്തിൽ സ്റ്റാഫിന്റെ അപര്യാപ്തതയുണ്ട്. ഈ ബോർഡിന്റെ പ്രവർത്തനച്ചെലവിനെ സംബന്ധിച്ചിടത്തോളം നിയന്ത്രണങ്ങൾ ആക്ടിൽ തന്നെയുണ്ട്. കിട്ടുന്ന തുകയുടെ ഇത്ര ശതമാനത്തിൽ കൂടുതൽ ഭരണച്ചെലവിനായി ഉപയോഗിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ആ ലിമിറ്റിനകത്തു നിന്നു തന്നെ ക്രമീകരിക്കുന്നുണ്ട്. ഇപ്പോൾ അപേക്ഷ ക്ഷണിച്ചാൽ 30 ദിവസത്തിനകം അപേക്ഷയിൻമേൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശം കൊടുക്കുകയും അങ്ങനെ നടന്നു വരികയുമാണ്. ഈ ബോർഡിന്റെ പ്രവർത്തനങ്ങൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള നടപടികളും ദ്രുതഗതിയിൽ നടന്നു വരികയാണ്. അത് കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞാൽ അപേക്ഷ സ്വീകരിക്കുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും വളരെ വേഗത്തിൽ കഴിയും. ഇതിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്ന കാര്യം പരിശോധിക്കാം.

ശ്രീ. പി. ടി. തോമസ്: സർ കർഷകത്തൊഴിലാളി പെൻഷൻ അങ്ങ് ഏർപ്പെടുത്തിയതുപോലെ മറ്റൊരു സ്പീക്കറായിരുന്ന എ. സി. ജോസാണ് കേരളത്തിനും ഇൻഡ്യയ്ക്കും മാതൃകയായ നിർമ്മാണത്തൊഴിലാളികളെ സംബന്ധിച്ച് അതിശക്തമായ മൂവ്മെന്റ് നമ്മുടെ നാട്ടിലുണ്ടാക്കുകയും കേന്ദ്രത്തിലും സംസ്ഥാനത്തും ഈ നിയമ നിർമ്മാണം നടപ്പാക്കുന്നതിനുവേണ്ടി ധീരമായ നിലപാട് സ്വീകരിക്കുകയും ചെയ്തത്. എന്റെ ചോദ്യം ഇവിടെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. ആ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമ്പോൾ വാസ്തുവിദ്യയുമായി ബന്ധപ്പെട്ട് പരിശീലനം കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, തീർച്ചയായും പരിഗണിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, (എ) ചോദ്യത്തിന് മറുപടി പറയവേ പ്രവേശന പരീക്ഷയ്ക്ക് കോച്ചിംഗ് സൗകര്യം കൊടുക്കുമെന്ന് പറഞ്ഞു. ഇന്ന് പ്രവേശന പരീക്ഷയിൽ എഞ്ചിനീയറിംഗിനും മെഡിസിനുമൊക്കെ റാങ്കുകൾ വാങ്ങിക്കുന്നതും സെലക്ഷൻ കിട്ടുന്നതും സമ്പന്നൻമാരുടെ മക്കൾക്കാണ്. ഈ നിർമ്മാണ തൊഴിലാളികളുടെ മക്കൾ വല്ലപ്പോഴും വന്നുപറ്റുന്നത് പേമെന്റു സീറ്റുകളിലാണ്. ഇപ്പോൾ ചില ബാങ്കുകൾ വിദ്യാഭ്യാസത്തിന് സഹായം കൊടുക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നിർമ്മാണത്തൊഴിലാളികളുടെ മക്കൾക്ക് മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയവയിൽ പ്രവേശനം ലഭിച്ചാൽ അവർക്ക് ലോൺ കൊടുക്കുന്നതിനു വേണ്ടിയുള്ള പദ്ധതി കൂടി ഇതിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്നവർക്കു ഓരോ വർഷവും 2,000, 3,000 രൂപ വീതം അവരുടെ ഫീസിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി നൽകി വരുന്നുണ്ട്. നിർമ്മാണ തൊഴിലാളികളുടെ മക്കൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉന്നത വിദ്യാഭ്യാസത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യാൻ ബോർഡിന് കഴിയും. ബോർഡ് ആ നിലയിൽ തന്നെയാണ് ആലോചിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ് സർ, നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നതിന് ട്രേഡ് യൂണിയൻ നേതാക്കൻമാരാണ് അപേക്ഷകളുമായി ഓഫീസുകളിൽ എത്താറുള്ളത്. പക്ഷെ അപേക്ഷ നൽകി കഴിഞ്ഞാലും ഇവിടെ നിന്നും ലഭിക്കുന്ന ഐഡന്റിറ്റി കാർഡ് ട്രേഡ് യൂണിയൻ നേതാക്കൻമാരുടെ കൈവശം വയ്ക്കുകയാണ്. ഇത് തൊഴിലാളികളുടെ കൈവശം എത്തുന്നില്ല. ഈ ഐഡന്റിറ്റി കാർഡ് തൊഴിലാളികളുടെ കൈവശം കിട്ടുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചു, ഈ തൊഴിലാളികൾ സംഘടിതരാണെങ്കിലും അവരുടെ ജോലിയുടെ സ്വഭാവം വച്ചുകൊണ്ട് ഓഫീസിൽ വന്ന് കാർഡുകൾ കാലാകാലങ്ങളിൽ പുതുക്കുവാൻ ബുദ്ധിമുട്ടുണ്ടാകും. കൂടാതെ അവർക്ക് അതിനുവേണ്ടി ജോലിക്ക് പോകാതെയിരിക്കേണ്ടതായും വരും. ആദ്യത്തെ രജിസ്ട്രേഷൻ സമയത്ത് ഫിസിക്കലായി വെരിഫിക്കേഷൻ നടത്തിയാണ് രജിസ്റ്റർ ചെയ്യുന്നതും കാർഡ് കൊടുക്കുന്നതും. പക്ഷെ ട്രേഡ് യൂണിയനുകളാണ് ഇവർ തൊഴിലാളികളാണെന്ന് സർട്ടിഫൈ ചെയ്യുന്നത്. അപ്പോൾ ട്രേഡ് യൂണിയനുകളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. അതിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ തീർച്ചയായിട്ടും പരിശോധിക്കുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കേരളത്തിലാകെ എത്ര നിർമ്മാണത്തൊഴിലാളികൾ ഉണ്ടെന്നുള്ളതിനെക്കുറിച്ച് വല്ല കണക്കും ഗവൺമെന്റിന്റെ കൈയ്യിലുണ്ടോ; അതിൽ എത്ര പേരാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്; ക്ഷേമനിധിയുടെ പക്കൽ എത്ര ഫണ്ടുണ്ട്, അവരുടെ അവകാശം ആരുടേയും സഹായമില്ലാതെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: സർ, നിർമ്മാണ തൊഴിലാളികളെ സംബന്ധിച്ച് പല കണക്കുകളാണുള്ളത്. നമ്മുടെ സെൻസസ് അനുസരിച്ച് 8 ലക്ഷം തൊഴിലാളികൾ അൈവെഡ് മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇപ്പോൾത്തന്നെ 10 ലക്ഷം തൊഴിലാളികൾ ഇതിൽ അംഗങ്ങളായി കഴിഞ്ഞിട്ടുണ്ട്. യൂണിയനുകളും മറ്റും പറയുന്ന കണക്കനുസരിച്ച്, 15 ലക്ഷത്തോളം തൊഴിലാളികളുണ്ടെന്നാണ്. 15 ലക്ഷം തൊഴിലാളികളെ കൂടാതെ തന്നെ അന്യസംസ്ഥാനത്തു നിന്നും വരുന്ന ധാരാളം തൊഴിലാളികൾ ഉണ്ട്. തിരുവനന്തപുരത്തൊക്കെ തന്നെ തമിഴ്നാടിന്റെ ബോർഡറിൽ നിന്നൊക്കെ ധാരാളം തൊഴിലാളികൾ വരുന്നുണ്ട്. അതു കൊണ്ട് എത്ര തൊഴിലാളികളുണ്ടെന്നുള്ള കൃത്യമായ കണക്ക് ലഭ്യമല്ല. അതിന്റെ ഒരു പ്രത്യേക കണക്കെടുക്കാൻ ശ്രമിക്കാം.

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് എല്ലാ വിഭാഗം ജീവനക്കാർക്കും ബോണസ് അല്ലെങ്കിൽ ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്നുണ്ട്. അടിയന്തിരാവസ്ഥക്കാലത്ത് ബോണസ് ഇല്ലാതിരുന്നപ്പോഴും കേരളത്തിൽ 4 ശതമാനം ബോണസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ അന്നത്തെ തൊഴിൽ വകുപ്പ് മന്ത്രിയായിരുന്ന ഇന്നത്തെ സ്പീക്കർ മുൻകൈയെടുക്കുകയുണ്ടായി. നിർമ്മാണ തൊഴിലാളികൾക്കുമാത്രം യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. അതുകൊണ്ട് ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ തൊഴിലാളികൾക്ക് ഓണക്കാലത്ത് ഫെസ്റ്റിവൽ അലവൻസ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ? അതൊടൊപ്പം ക്ഷേമനിധി ബോർഡിൽ പാസ്സാക്കുന്ന കാര്യങ്ങൾ, തൊഴിലാളികൾക്ക് അനുകൂലമായി പാസ്സാക്കുന്ന കാര്യങ്ങൾ, ഗവൺമെന്റ് തലത്തിൽ വരുമ്പോൾ നടപ്പാക്കുന്നതിന് വളരെ കാലതാമസമുണ്ടാകുന്നുണ്ട്; അതൊഴിവാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ബോണസിന്റെ കാര്യം മുമ്പ് പറഞ്ഞതാണ്. ബോണസ് കൊടുക്കുന്ന ക്ഷേമനിധികളുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ബോണസ് കൊടുക്കുന്നുണ്ട്. ഇതിന് പ്രത്യേകമായി ഒരു വിഹിതം, തൊഴിലാളികൾക്ക് ബോണസിന്റെ വിഹിതമായി തൊഴിൽ ഉടമകളിൽ നിന്നും പിരിച്ചെടുക്കുന്നുണ്ട്. പക്ഷെ ഈ ക്ഷേമനിധിയിൽ ഇങ്ങനെ പ്രത്യേക വിഹിതം പിരിച്ചെടുക്കുന്നില്ലായെന്നുള്ളതുകൊണ്ടു തന്നെ ബോണസ് കൊടുക്കാൻ കഴിയുന്നില്ല. മാത്രമല്ല ഈ ബോർഡിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് പിരിച്ചെടുക്കുന്ന തുക ഡെപ്പോസിറ്റ് ഇട്ട് അതിന്റെ ഇന്ററസ്റ്റ് കൊണ്ടാണ്. ബോണസ് കൊടുക്കുക എന്നു പറയുമ്പോൾ വലിയ തുക വേണ്ടിവരും. അങ്ങനെ ഒരു ഇന്ററസ്റ്റിൽനിന്നും ബോണസ് കൊടുക്കുക എന്നുള്ളത് പ്രായോഗികമല്ല. അതുകൊണ്ട് അതിനെക്കുറിച്ച് ഇപ്പോൾ പരിഗണിക്കാൻ പ്രയാസമുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ യൂണിയനുകൾ ശുപാർശ ചെയ്യുന്നതനുസരിച്ചാണ് പേര് രജിസ്റ്റർ ചെയ്യുന്നത്. അങ്ങനെ യൂണിയനുകളിൽ വിശ്വാസമർപ്പിച്ച് അംശദായം കെട്ടാൻ ഏൽപ്പിക്കുന്നു. നിർഭാഗ്യവശാൽ യൂണിയൻ പ്രവർത്തകർ ഈ അംശദായം യഥാവിധി അടയ്ക്കുന്നില്ല. അതുകൊണ്ട് തൊഴിലാളികൾ പണം കൊടുത്തിട്ടും അവരുടേതല്ലാത്ത കുറ്റം കൊണ്ട് അംശദായം അടയ്ക്കാതെ വരുമ്പോൾ ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്ന ഒരു സ്ഥിതിയുണ്ട്. അതിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, അംശദായം കൊടുക്കുന്നതും മറ്റു പ്രവർത്തനങ്ങളുമൊക്കെ യൂണിയനാണ് മിക്കവാറും നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുവിൽ അവർ കൃത്യമായിട്ട് അടയ്ക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേക കേസ്സുകളിൽ അടയ്ക്കാതെ വരികയും അതുവഴി തൊഴിലാളികൾക്ക് ആനുകൂല്യം നഷ്ടപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ അത് തീർച്ചയായും ഒഴിവാക്കപ്പെടേണ്ട സംഗതിയാണ്. ഇത്തരത്തിൽ പരാതി ലഭിച്ചിട്ടുള്ളതോ അല്ലെങ്കിൽ അങ്ങനെ എന്തെങ്കിലും സംഭവം ഉണ്ടായിട്ടുള്ളതോ ആയ കേസ്സുകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാൻ നടപടി എടുക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, നമ്മുടെ സംസ്ഥാനത്ത് ഏകദേശം ഒരു ലക്ഷത്തോളം തൊഴിലാളികൾ കരിങ്കൽ ക്വാറിയിൽ ജോലി ചെയ്യുന്നുണ്ട്. അടുത്ത കാലത്തായി പല കരിങ്കൽ ക്വാറികളും പ്രവർത്തിക്കുന്നില്ല. വെടിമരുന്ന് കൈവശം വെക്കാനുള്ള ലൈസൻസ് കിട്ടാത്തതാണ് പ്രധാനപ്പെട്ട പ്രശ്നം, മാത്രമല്ല, അതിന്റെ ഫലമായിട്ട് നിർമ്മാണത്തൊഴിലാളികൾക്ക് ജോലിയും ലഭിക്കുന്നില്ല; ക്ഷേമനിധി വിഹിതം

LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വെടിമരുന്ന് കൈവശം വയ്ക്കാനുള്ള ലൈസൻസ് കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ബാബു ദിവാകരൻ: വെടിമരുന്നിന്റെ കൈവശം സംബന്ധിച്ച കാര്യങ്ങളിൽ അടുത്ത കാലത്തായി കർശന നിയന്ത്രണങ്ങൾ ഉണ്ടായിട്ടുണ്ട്. മുമ്പ് വളരെ ലിബറലായിരുന്നു. രണ്ടുമൂന്ന് അപകടങ്ങൾ ഉണ്ടായതിനുശേഷവും മറ്റു ചില സെക്യൂരിറ്റി കാര്യങ്ങളാലുമാണ് ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നത്. വെടിമരുന്ന് കൈവശം വയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളം ലൈസൻസ് നൽകേണ്ടത് റവന്യൂ വകുപ്പാണ്. കളക്ടറാണ് അതിന്റെ ലൈസൻസ് നൽകേണ്ടത്. ക്വാറികളിൽ അങ്ങനെ ലൈസൻസ് കൊടുക്കാത്തതുകൊണ്ടോ വെടിമരുന്ന് ഉപയോഗിക്കാൻ കഴിയാത്തു കൊണ്ടോ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കാം. ക്വാറികൾ പ്രവർത്തിപ്പിക്കാനുള്ള സൗകര്യങ്ങൾ തീർച്ചയായും ഉണ്ടാക്കി കൊടുക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: ക്ഷേമനിധിയിലുള്ള തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് ഇപ്പോൾ അവ്യക്തത നിലനിൽക്കുകയാണ് ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ കൃത്യമായ എണ്ണം എത്ര; അതിൽ എത്ര സ്ത്രീകൾ ഉണ്ട്; പുരുഷൻമാർ എത്ര; ക്ഷേമനിധി ബോർഡിൽ ഇപ്പോഴുള്ള നീക്കിയിരുപ്പ് സംഖ്യ എത്രയാണ്?

ശ്രീ. ബാബു ദിവാകരൻ: ഏകദേശം 10,04,000 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഉദ്ദേശ കണക്കാണ്. സ്ത്രീ പുരുഷൻമാരുടെ എണ്ണത്തിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. എം. മുരളി: കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ളത് നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലാണ്. ഈ ക്ഷേമനിധിയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് അടിയന്തിര നടപടിക്കു വേണ്ടിയാണ് ഈ ചോദ്യം ചോദിക്കുന്നത്. സെൻട്രൽ ആക്ട് വന്നപ്പോൾ നിർമ്മാതാക്കളുടെ, എംപ്ലോയീസിന്റെ അംശദായം കളക്ട് ചെയ്യുന്നതിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി മറികടക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ബാബു ദിവാകരൻ: ഏറ്റവും കൂടുതൽ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ളത് കർഷക തൊഴിലാളി ക്ഷേമനിധിയിലാണ്. ഏകദേശം 19 ലക്ഷത്തോളം തൊഴിലാളികൾ ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനും അംശദായം അടയ്ക്കുന്നതിനും നിലവിലുള്ള ലേബർ ഡിപ്പാർട്ടുമെന്റിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് നേരിട്ട് അസസ്സ്മെന്റ് നടത്തി നോട്ടീസ് കൊടുത്ത് കളക്ട് ചെയ്യുകയാണ്. കേന്ദ്ര നിയമം അനുസരിച്ചാണ് ഈ പദ്ധതി വന്നത്. മുമ്പ് ബോർഡ് നേരിട്ട് കളക്ട് ചെയ്യുമായിരുന്നു. ഇപ്പോൾ ആ സംവിധാനം മാറി ലേബർ ഡിപ്പാർട്ട്മെന്റ് അസസ്സ്മെന്റ് നടത്തി പണം സ്വീകരിച്ച് ബോർഡിനെ ഏൽപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഇപ്പോൾ അങ്ങനെ ഒരു പ്രശ്നമില്ലെന്നാണ് പറയുന്നത്. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ രണ്ടു വർഷക്കാലമായി ആനുകൂല്യങ്ങൾ ലഭിക്കാത്ത കേസ്സുകൾ നേരിട്ട് ബോദ്ധ്യപ്പെടുത്താം. കുട്ടികളുടെ സ്കോളർഷിപ്പുപോലും ഇതുവരെ വിതരണം ചെയ്തിട്ടില്ല. ഈ ആനുകൂല്യങ്ങളെല്ലാം എത്രയും വേഗത്തിൽ വിതരണം ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: അത് അർഹതപ്പെട്ടതാണെങ്കിൽ ഒരു മാസത്തിനകം കൊടുത്തിരിക്കും. അങ്ങനെ കൊടുക്കാതിരിക്കുന്നത് ഏതെങ്കിലും ഉണ്ടെങ്കിൽ അതിന് തക്കതായ കാരണങ്ങൾ ഉള്ളതുകൊണ്ടാണ്. തിരുവനന്തപുരം ജില്ലയിൽ അംഗത്വം ചേർക്കുന്നതു സംബന്ധിച്ചും ആനുകൂല്യങ്ങൾ വാങ്ങുന്നതു സംബന്ധിച്ചും ഒട്ടേറെ കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ജന്യൂനായിട്ട് ലഭിക്കേണ്ടതാണെങ്കിൽ ഒരു മാസത്തിനകം നൽകുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഭരണപരിഷ്കരണ പരിപാടിയുടെ ഭാഗമായി, എം. ജി. ആർ. യുടെ ഭാഗമായി നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടക്കം നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ ഏകോപിപ്പിക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ക്ഷേമനിധി ബോർഡുകൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേകിച്ച് ഇപ്പോൾ പദ്ധതികൾ നിലവിലില്ല. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്ക് ഇൻഡിപെൻഡന്റായിട്ട് പ്രവർത്തിക്കാൻ കഴിയുന്നതാണ്. അതു കൊണ്ട് ഏകോപിപ്പിക്കുന്നതിന്റെ അവശ്യകത ഉണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. എ. കെ. മണി: സർ, ഇന്ന് ഏറ്റവും കൂടുതൽ ദുരിതവും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നത് തോട്ടം മേഖയിലെ തൊഴിലാളികളാണ്. അവരുടെ ഇപ്പോഴത്തെ സാഹചര്യമാണെങ്കിൽ വളരെ ബുദ്ധിമുട്ടിലാണ്. അവരുടെ ദുരിതങ്ങളും അദ്ധ്വാന ശേഷിയും മനസ്സിലാക്കി തേയിലത്തോട്ടത്തിലെ തൊഴിലാളികൾക്കു വേണ്ടി, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്കുവേണ്ടി മാത്രം നിർമ്മാണത്തൊഴിലാളി ക്ഷേമനിധി പോലെ ഒരു പുതിയ ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട, ആലോചിക്കേണ്ട കാര്യമാണ്. പ്ലാന്റേഷൻ മേഖലയിൽ പ്ലാന്റേഷൻ ലേബർ ആക്ടാണ് നിലവിലുള്ളത്. അത് വളരെ പഴക്കം ചെന്ന ആക്ടാണ്. അന്നത്തെ കാല ഘട്ടത്തിൽ കൊടുക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും എസ്റ്റേറ്റ് ഉടമകൾ അവർക്കു നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചുമൊക്കെയുള്ള വ്യവസ്ഥ ആ ആക്ടിൽ ഉള്ളതുകൊണ്ട് ആ ആക്ട് നിലനിർത്തിക്കൊണ്ട് പുതിയൊരു ആക്ടിലേക്ക് പോകുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ട്. അത് പരിശോധിച്ച് പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് വേണ്ടി എന്തെല്ലാം ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യുന്നതാണ്.